## എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : കെ.മൊഹമ്മദ്.വൈ.സഫീറുള്ള ഐ.എ.എസ്)

**സി1-2101/2019**

കളക്ടറേറ്റ്, എറണാകുളം
തീയതി : 18/02/2019.

**വിഷയം**:- വടുതല റെയിൽവേ ഓവർബ്രിഡ്ജ് -ചേരാനല്ലൂർ വില്ലേജിൽപ്പെട്ട 0.4292 ആർ വസ്തു പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കുന്നത് സാമൂഹ്യപ്രത്യാഘാത റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

**പരാമർശം**:-
1. 18/9/2018 തീയതി അംഗീകരിച്ച ഫോറം 4 വിജ്ഞാപനം.
2. SIA യൂണിറ്റായ YSSO കോതമംഗലം സമർപ്പിച്ച 13/11/2018 ലെ കരട് റിപ്പോർട്ടും, 30/11/2018 ലെ അന്തിമ റിപ്പോർട്ടും.
3. വിദഗ്ധസമിതി ചെയർമാൻ & സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, എറണാകുളം സമർപ്പിച്ച 24/1/2019 ലെ വിദഗ്ധസമിതി റിപ്പോർട്ട്.
4. G.O.(P)376/2016/RD dated 29/6/2016.

. . . . . . .

വടുതല റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് കണയന്നൂർ താലൂക്ക് ചേരാനല്ലൂർ വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 0.4292 ആർ വസ്തു പൊന്നുംവില നിയമ പ്രകാരം ഏറ്റെടുത്ത് നൽകുവാൻ മാനേജിംഗ് ഡയറക്ടർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള, അർത്ഥനാപത്രം നൽകിയിട്ടുള്ളതും, ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, എറണാകുളം-നെ ലാൻഡ് അക്വിസിഷൻ ഓഫീസറായി 28/11/2017 തീയതി നിയമിച്ചിട്ടുള്ളതുമാണ്. തുടർന്ന് പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും, ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്മേൽ വിദഗ്ധസമിതി ചെയർമാന്റെ നേതൃത്വത്തിൽ പരിശോധന നടത്തിയിട്ടുള്ളതും, ശുപാർശ റിപ്പോർട്ട് തയ്യാറാക്കിയത് പരാമർശം (3) പ്രകാരം സമർപ്പിച്ചിട്ടുള്ളതുമാണ്.

G.O.(MS)715/2017/PWD dated 27/05/2017 പ്രകാരം ടി പ്രോജക്ടിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. LARR Act 2013 സെക്ഷൻ 8(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള

നിർദ്ദേശങ്ങളും, സാമൂഹ്യപ്രത്യാഘാത റിപ്പോർട്ടും സമുചിത ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. 200 ആർ വിസ്തീർണ്ണമുള്ള വസ്തു വരെ ഏറ്റെടുക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമായതിനാലും, ഭൂമി ഏറ്റെടുക്കുന്നതുകൊണ്ട് ഏതെങ്കിലും കുടുംബങ്ങൾക്കോ പരിസ്ഥിതിക്കോ പ്രകടമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നില്ല എന്ന് വിലയിരുത്തുകയും ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കുന്നത് പ്രായോഗികമല്ലാത്തിനാലും പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണ് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ ചേരാനല്ലൂർ വില്ലേജ് , സർവ്വെ 935, 936, 966, 1022, 1027, 1028, 1034, 1035, 1036, 1305 നമ്പറുകളിൽപ്പെട്ട പുരയിടമായി രേഖപ്പെടുത്തിയിരിക്കുന്ന 0.4292 ഹെക്ടർ വസ്തു പൊന്നുംവില നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് LARR Act 2013 സെക്ഷൻ 8(1),(2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ജില്ലാകളക്ടർ,എറണാകുളം

പകർപ്പ്:- 1. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)
ജനറൽ, എറണാകുളം.
2. മാനേജിംഗ് ഡയറക്ടർ
റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ്
കോർപ്പറേഷൻ ഓഫ് കേരള, എറണാകുളം.

അംഗീകാരത്തോടെ

ഡെപ്യൂട്ടി കളക്ടർ (എൽ.എ.)